**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2282** **16-03-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് റേഷൻ കടകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ റേഷൻ കടകൾക്ക് മുൻഗണന നൽകിക്കൊണ്ട് ആയിരം റേഷൻ കടകളെ സ്മാർട്ട് റേഷൻ കടകളാക്കി മാറ്റുന്ന പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ റേഷൻ കടകൾ സ്മാർട്ട് റേഷൻ കടകളാക്കി പ്രവർത്തനത്തിൽ കാലാനുസൃതമായ മാറ്റം കൊണ്ടുവരിക എന്നതാണ് സർക്കാരിന്റെ നയം. ഇതിന്റെ ആദ്യ ഘട്ടമെന്നനിലയിൽ ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്നതും ബാങ്കിംഗ്, ഇ-സേവനം, മാവേലി സ്റ്റോറുകളുടെ സേവനം എന്നിവ ലഭ്യമല്ലാത്ത 1000 കടകൾ കണ്ടെത്തി സ്മാർട്ട് കാർഡിന്റെ സഹായത്തോടുകൂടി മേൽ പരാമർശിച്ച സേവനങ്ങൾ ലഭ്യമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. റേഷൻകട ഉടമകൾക്ക് അധിക വരുമാനം ലഭിക്കുന്നതിനും ഇത് സഹായകമാകുന്നു. ഈ പദ്ധതി പ്രകാരം തിരഞ്ഞെടുക്കുന്ന റേഷൻ കടകളിൽ 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം, യൂറ്റിലിറ്റി പേമെന്റ് സംവിധാനം, മിനി അക്ഷയ സെന്ററുകൾ, സപ്ലൈകോ ഉൽപ്പന്നങ്ങൾ, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉൽപ്പന്നങ്ങളുടെ വിപണനം, മിനി എൽ.പി.ജി സിലിണ്ടറുകളുടെ വിൽപ്പന എന്നിവ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. നിലവിൽ 837 ലൈസൻസികൾ സന്നദ്ധത അറിയിച്ചിട്ടുണ്ട്. |
| (ബി) | പൊതുവിതരണ രംഗവുമായി ബന്ധപ്പെട്ട് കൂടുതൽ ഓൺലൈൻ സേവനങ്ങളും ബാങ്കിംഗ് സേവനങ്ങളും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (സി) | റേഷൻ കടകളുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തുന്നതിനായി പരിശോധനാ സംവിധാനങ്ങൾ ശക്തമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | പൊതുവിതരണ ശൃംഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിൻമേൽ സമയബന്ധിതമായി നടപടികൾ ഉണ്ടാവണമെന്ന് കർശന നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകി. പൊതുവിതരണവകുപ്പിൽ വിവിധ മേഖലകൾ തിരിച്ച് സ്ക്വാഡുകൾ രൂപീകരിച്ച് ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ കടകൾ പരിശോധിക്കുന്നു എന്നുറപ്പുവരുത്താൻ മൊബൈൽ ആപ്പ് സംവിധാനം ഏർപ്പെടുത്തുന്ന നടപടി അന്തിമഘട്ടത്തിലാണ്. കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കുന്നതിനും എല്ലാ ഗോഡൗണുകളിലും സി.സി.ടി.വി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇലക്ട്രോണിക് ത്രാസ് ഇ-പോസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. |
| (ഡി) | റേഷൻ കടകളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി പുതിയ ലൈസൻസികളെ ഏൽപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ